(എ) കേരളത്തിൽ പുതുതായി സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ സ്റ്റാമ്പ് വെണ്ടർമാരെ പുതുതായി നിയമിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ഇപ്പോൾ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം എന്താണ്?

ഉത്തരം

(എ-സി) 7-2-2003-ലെ സർക്കാർ വിജ്ഞാപനം നം.ജി.ഒ.(പി)23/03/നി.വ. പ്രകാരം ഓരോ ജില്ലയിലും ആവശ്യമുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നത് അതാത് ജില്ലാ കളക്ടർമാർ ആണ്. ഓരോ ജില്ലയിലും ആവശ്യമുള്ള സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാനുള്ള അധികാരം ജില്ലാ കളക്ടർ, ജില്ലാ രജിസ്ട്രാർ, ജില്ലാ ട്രഷറി ഓഫീസർ എന്നിവരടങ്ങിയ ജില്ലാ സമിതിക്കാണ്.

ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

54(1530) ശ്രീ. വർക്കല കഹാർ:

ശ്രീ. വി. ജെ. പൗലോസ്:

ശ്രീ. പി. ജെ. ജോയി:

ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കമ്പ്യൂട്ടറുകൾ പ്രവർത്തിക്കുന്നു;

(സി) കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ഒരു മാസംവരെ കാലതാമസം ഉണ്ടാകുന്നുണ്ടോ;

(ഡി) എങ്കിൽ നിലവിലുള്ള പ്രവർത്തിപ്പിക്കാത്ത കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 178 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

(ബി) 160 എണ്ണം പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പ്യൂട്ടർ പ്രവർത്തനക്ഷമമായിട്ടുള്ള ഓഫീസുകളിൽ ഇങ്ങനെ കാല താമസം ഉണ്ടാകുന്നില്ല.

(ഡി) നിലവിൽ പ്രവർത്തിക്കാത്ത കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുവാ നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര സഹായം ലഭിക്കുന്ന ബ്ലോക്കുതല പദ്ധതികൾ

55(1531) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുവഴി നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധ തികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകൾവഴി നടപ്പിലാക്കുന്ന സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന, ദേശീയ തൊഴിലിന് കൂലി ഭക്ഷണം പരിപാടി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

56(1532) ശ്രീ. എ. കെ. ബാലൻ:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. സാജു പോൾ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോ ദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെ ടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ വിപണനം ഉന്നത നിലവാരം പുലർത്തുന്ന താക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly